(ബി) ഈ കേസ്സിൽ സംസ്ഥാന പോലീസിന്റെ അന്വേഷണം എവിടം വരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ കേസ്സിൻമേൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുള്ളതും ഇതൊരു തൂങ്ങിമരണമാണെന്ന് വെളിവായിട്ടുള്ളതുമാണ്.

74 (2384) സ്കൂൾകെട്ടിടം തീവച്ചത് സംബന്ധിച്ച്

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തേവലക്കര പാലയ്ക്കൽ മുസ്ലീം മാനേജ്മെന്റ് എൽ.പി.എസ്. കെട്ടിടം 18-1-99-ൽ തീവയ്ക്കാൻ ശ്രമിക്കുകയും 19-2-99-ൽ കെട്ടിടം തീവയ്ക്കുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കേസ്സിനെ സംബന്ധിച്ച ക്രൈംബ്രാഞ്ചിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റക്കാരെ കണ്ടെത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

75 (2385) ബിനോയിയെ മർദ്ദിച്ച സംഭവം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാർത്ഥി ബിനോയിയെ മർദ്ദിക്കുകയും പണം അപഹരിക്കുകയും ചെയ്തതിന് ആർക്കൊക്കെ എതിരെയാണ് കേസ്സ് എടുത്തിരിക്കുന്നത്;

(ബി) ഇവർക്കെതിരെ എന്തെല്ലാം കുറ്റങ്ങൾക്കാണ് കേസ്സ് എടുത്തിരിക്കുന്നത്;

(സി) ബിനോയിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ എടുത്ത കേസ്സിൽ ലഘുവായ കുറ്റങ്ങൾ മാത്രം ചുമത്തുവാനുള്ള കാരണമെന്താണ്;

(ഡി) ബിനോയിയുടെ മൊഴിയിൽ കയ്യിലുണ്ടായിരുന്ന രൂപ വച്ചിരുന്ന പേഴ്സ് പോലീസ് ബലം പ്രയോഗിച്ച് എടുത്തു എന്ന് പറഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തുകൊണ്ട് ഗൗരവമായ ഈ കുറ്റകൃത്യങ്ങൾക്ക് കേസ്സ് എടുത്തില്ലാ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ കേസ്സിലെ പ്രതികൾ ആരെങ്കിലും ജാമ്യം എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly